MALAYALAM

# അവധാരണം

Name: ____________________ Date:_____________ Class: X Sec: ___

1.

**താഴെകൊടുത്തിരിക്കുന്നഗദ്യഭാഗംവായിച്ച്ചോദ്യങ്ങള്ക്ക് ഉത്തരമെഴുതുക**

മഹത്തായ പാരമ്പര്യത്തിന്റെ ചൈതന്യമാണ് ഭാരതത്തിലെ രംഗകലക്കുള്ളത്.ആടിയും പാടിയുംപുലർന്നുപോന്ന സാംസ്കാരിക ജീവിതത്തിന്റെ ധന്യതയാണ് നമ്മുടെ പൈതൃകം. ആദിമമനുഷ്യന്റെലക്ഷ്യലക്ഷണങ്ങളില്ലാത്ത അംഗചലനങ്ങൾ മുതൽ നടന വൈഭവത്തിന്റെ സാങ്കേതികത അതിശയിപ്പിക്കുന്ന ആധുനിക മനുഷ്യന്റെ പരിഷ്കൃതത്വം വരെ അതിനു നീണ്ട സഹസ്രാബ്ദങ്ങളുടെ വികാസപരിണാമ ചരിത്രമുണ്ട്. അത്പക്ഷെ വ്യവസ്ഥാപിതമോ നിയാത്മകമോ അല്ല .ഓരോ കാലത്തും സാമൂഹ്യനീതിക്കും ധർമ്മങ്ങൾക്കുമനുസരിച്ചുള്ള കലകൾ പരിഷ്കരിക്കപ്പെടുകയോ പുതിയവ സൃഷ്ടിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഏക കേന്ദ്രിതമായ പിതൃത്വംഅവകാശപ്പെടുവാൻ ആരെയും അനുവദിക്കാതെ ഭാരതത്തിലെ നാടകവേദി തനതുനിലയിൽ സ്ഥിതിചെയ്യുന്നു.ഈ വഴിയിൽ ധാരാളം ഗവേഷണങ്ങൾ നടത്തി പൂർവപക്ഷരഹിതമായ നിഗമനത്തി ലെത്തുകയും അനിഷേധ്യമായി നിരീക്ഷിക്കുകയും ചെയ്യുകയാണ് പണ്ഡിതനും കലോപാസകനുമായ ഡോ.കെ.ജി.പൌലോസ്.

നമ്മുടെ പൈതൃകത്തിന്റെ പ്രത്യേകത എന്ത്?

ഓരോ കാലത്തും കലകൾ സൃഷ്ടിക്കപ്പെട്ടത് എങ്ങനെ?

ഭാരതത്തിലെ നാടകവേദിയുടെ പ്രത്യേകത എന്ത്?

രംഗകലയുടെ ചൈതന്യമെന്ത്?

ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.